(സി) അഭ്യർത്ഥിച്ചിരുന്നു. 2002-03 സാമ്പത്തികവർഷം വീടുകളുടെ പുനരുദ്ധാരണം, കുടിവെള്ളം, സാനിട്ടേഷൻ എന്നീ ഘടകങ്ങൾ ഏർപ്പെടുത്തുന്നതിനായി 15 കോടി രൂപയുടെ അധിക കേന്ദ്ര സഹായം ലഭിച്ചു.

(ഡി) 2003-2004 സാമ്പത്തികവർഷം 228 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 195 ലക്ഷം രൂപയുടെ റോഡുകൾക്കാണ് നീക്കി വച്ചിരുന്നത്. 195 ലക്ഷം രൂപ അടങ്കൽ തുകയുള്ള റോഡ് നിർമ്മാണത്തിന് ഭരണാനുമതി നല്കിയിരുന്നുവെങ്കിലും ലറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കാതിരുന്നതിനാൽ ഈ ഇനത്തിൽ തുകയൊന്നും ചെലവായിട്ടില്ല. കുടിവെള്ളം തുടങ്ങി മറ്റു പദ്ധതികൾക്കായി 33 ലക്ഷം രൂപ ചെലവായി.

സംസ്ഥാനത്ത സമ്പൂർണ്ണ മദ്യനിരോധനം

8 (*185) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനിരോധനം ഘട്ടം ഘട്ടമായി സംസ്ഥാനത്ത് ഏർപ്പെടുത്തുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വർഷവും സർക്കാർ പ്രഖ്യാപിച്ച അബ്കാരി നയത്തിൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പ്രതിപാദിച്ചിരുന്നത്;

(സി) ഇതിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കി ;

(ഡി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ മദ്യനയത്തിന് രൂപം നല്കിവരുന്നത്. ഇവ കണക്കിലെടുത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) സംസ്ഥാനത്ത് 1996-ൽ ചാരായനിരോധനം നടപ്പിൽ വരുത്തി

(2) അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാ കുറ്റമാക്കുകയും ശിക്ഷ വർദ്ധിപ്പിക്കുകയും ചെയ്തു.

(3) സംസ്ഥാനത്തുണ്ടായിരുന്ന 5972 കള്ളുഷാപ്പുകൾ 4362 ആയി കുറയ്ക്കുകയും ഡ്രൈഡേയുടെ എണ്ണം 4-ൽ നിന്നും 16 ആയി വർദ്ധിപ്പിക്കുകയും ചെയ്തു.

(4) ബാർ ഹോട്ടലുകളുടെ ലൈസൻസിംഗ് വ്യവസ്ഥകൾ കൂടുതൽ കർശനമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(5) മദ്യാസക്തിയിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ, പഠനങ്ങൾ എന്നിവ നടത്തി വരുന്നു.

(6) വ്യാജമദ്യ ഉല്പാദനത്തിനും വിതരണത്തിനുമെതിരെ എൻഫോഴ്സ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി.

(7) വ്യാജമദ്യ ഉല്പാദനം, വിതരണം ഇവ സംബന്ധിച്ച് പൊതുജനങ്ങളുടെ ഭാഗത്തുനിന്നുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അംഗങ്ങളായ സമിതികൾ സംസ്ഥാനതലത്തിലും ജില്ലാ ബ്ലോക്ക് തലങ്ങളിലും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

(ബി)

(1) 2001-02-ൽ കള്ള് ഷാപ്പുകളുടെ ലേല സമ്പ്രദായം അവസാനിപ്പിച്ചു.

(2) വിദേശ മദ്യഷാപ്പുകളുടെ നടത്തിപ്പ് സർക്കാർ ഏജൻസികളെ ഏല്പിച്ചു.

(3) 2002-03-ൽ കള്ളുഷാപ്പുകളുടെ എണ്ണം 5972-ൽ 4362 ആയി കുറച്ചു. പുതുതായി ബാർ ഹോട്ടലുകൾ അനുവദിക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തി.

(4) 2003-04-ൽ ഡ്രൈഡേയുടെ എണ്ണം 4-ൽ നിന്നും 16 ആയി വർദ്ധിപ്പിച്ചു.

(സി) മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നിർദ്ദേശങ്ങളെല്ലാം തന്നെ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ജനങ്ങളിൽ മദ്യാസക്തി വർദ്ധിച്ചു വരുന്നതുകൊണ്ട് മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത് ക്രമേണ ഇതു കുറഞ്ഞു വരുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

അനധികൃത മണലൂറ്റ്

9 (*986) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുഴകളിൽ നിന്നും വൻതോതിൽ മണലൂറ്റുന്നതു മൂലമുള്ള പ്രശ്നങ്ങൾ ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുഴകളിൽ നിന്നുള്ള മണലൂറ്റ് തടയുന്നതിന് ഫലപ്രദമായ എന്തു നടപടി കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly